# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 148 — 21/03/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ ചികിത്സ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് സർക്കാർ ആശുപത്രികൾ വഴിയും സഹകരണ ആശുപത്രികൾ വഴിയും സൗജന്യമായി ചികിത്സ നൽകി വരുന്നു. ഇതിന് ചെലവാകുന്ന തുക ആശുപത്രി അധികൃതർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിച്ചു നൽകി വരുന്നു. കൂടാതെ വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പരമാവധി 25,000/- രൂപ വരെയും വകുപ്പ് ഡയറക്ടർ 10,000/- രൂപ വരെയും പ്രോജക്ടാഫീസർ/ പട്ടികവർഗ്ഗ വികസന ആഫീസർമാർ 1,000/- രൂപ വരെയും അടിയന്തിര ചികിത്സാ സഹായമായി അനുവദിച്ചു നൽകുന്നുണ്ട്. |
| ബി | ഇവർക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ; | പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരും ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാരും എസ്.ടി. പ്രൊമോട്ടർമാരും ഇവർക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിനാവശ്യമായ സഹായവും സേവനവും ചെയ്തുപോരുന്നു. മെഡിക്കൽ കോളേജുകളിലും പട്ടികവർഗ്ഗക്കാർക്ക് കൂടുതലായി ചികിത്സ തേടുന്ന ജില്ലാ/താലൂക്ക് ആശുപത്രികളിലും പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട ചികത്സാ സൗകര്യം യഥാസമയം ലഭ്യമാക്കുന്നതിന് സഹായിക്കുന്നതിനായി ട്രൈബൽ ഹെൽത്ത് പ്രൊമോട്ടർമാരെ സംസ്ഥാനത്തൊട്ടാകെ നിയമിച്ചിട്ടുണ്ട്. |
| സി | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | ട്രൈബൽ ജനസംഖ്യ ഏറ്റവും അധികം ഉള്ള ജില്ലകൾ കേന്ദ്രീകരിച്ച് അവരുടെ ചികിത്സാ സൗകര്യം ഉറപ്പുവരുത്തുന്നതിന് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് (ആരോഗ്യ വകുപ്പും ട്രൈബൽ വകുപ്പും സംയുക്തമായി) 4 കോടി 68 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ